LIBRARY ARCHIVES Kerala Legislative Assembly

കേരള സിവിൽ പോലീസ് കേഡർ

167 (1909) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-ൽ കേരള സിവിൽ പോലീസ് കേഡർ നിലവിൽ വന്നതിനുശേഷം നിലവിൽ വന്ന ആദ്യ എസ്.ഐ. (കെ.സി.പി) റാങ്ക് ലിസ്റ്റ് ഏതാണ്;

(ബി) 2010-ൽ കേരള സിവിൽ പോലീസ് കേഡർ രൂപം കൊണ്ടശേഷം എത്ര എസ്.ഐ. തസ്തികകൾ കെ.സി.പി.യിലേയ്ക്ക് പുതിയതായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്?

ഉത്തരം

(എ) കേരള സിവിൽ പോലീസ് കേഡറിലെ ആദ്യ റാങ്ക് ലിസ്റ്റ് 26-5-2015 തീയതിയിൽ പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

സബ് ഇൻസ്പെക്ടർമാരുടെ എണ്ണം

168 (1910) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-12-2014-ൽ കേരള പോലീസിൽ സബ്ഇൻസ്പെക്ടർമാരുടെ (ജി.ഇ)എത്ര തസ്തികകൾ നിലവിലുണ്ട്;

(ബി) 1-12-2014-നു ശേഷം സബ്ഇൻസ്പെക്ടർമാരുടെ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പോലീസ് സേനയിൽ 28 വർഷം പൂർത്തീകരിച്ച എ.എസ്.ഐ. മാരുടെ പോസ്റ്റ് എസ്.ഐ.മാരാക്കി അപ്ഗ്രേഡ് ചെയ്തതു വഴി 2015 മേയ് 31 വരെ എത്രപേർ ഈ കാറ്റഗറിയിൽ ജോലി ചെയ്തു വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1-12-2014-ൽ കേരള പോലീസിൽ സബ് ഇൻസ്പെക്ടർമാരുടെ (ജി.ഇ) 1943 തസ്തികകൾ നിലവിലുണ്ട്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) എ.എസ്.ഐ. മാരെ അപ്ഗ്രേഡ് ചെയ്ത തസ്തികകളിൽ 404 പേർ ഇപ്പോൾ ജോലി നോക്കിവരുന്നു.